©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 8
Vol. VIII

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2019 നവംബർ 12
12th November 2019
1195 തുലാം 26
26th Thulam 1195
1941 കാർത്തികം 21
21st Karthika 1941

നമ്പർ
No. 2749

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

വിജ്ഞാപനം

സ.ഉ.(അച്ചടി)നമ്പർ 101/2019/തൊഴിൽ

*തിരുവനന്തപുരം, 5 നവംബർ, 2019*
*1195 തുലാം 19*

**എസ്. ആർ. ഒ. നമ്പർ 856/2019**

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവും 5-ാം വകുപ്പ് (2)-ാം ഉപവകുപ്പും കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, 2010 മാർച്ച് 30-ാം തീയതിയിലെ സ.ഉ.(സാധാ) 586/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 ഏപ്രിൽ 6-ാം തീയതിയിലെ 839-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.നമ്പർ 356/2010, എസ്.ആർ.ഒ. നമ്പർ 357/2010 എന്നിവയായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനങ്ങളെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഖണ്ഡം ആവശ്യപ്പെടുന്ന പ്രകാരം 2018 ആഗസ്റ്റ് 2-ാം തീയതിയിലെ 58/ഇ 1/2018 നമ്പരായി പുറപ്പെടുവിച്ചതും 2018 ആഗസ്റ്റ് 13-ാം തീയതിയിലെ 2151-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രാഥമിക വിജ്ഞാപനത്തിലെ കരട് നിർദ്ദേശങ്ങളിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷവും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും, കേരള സർക്കാർ, സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്കും, കള്ള് വിൽപ്പന തൊഴിലാളികൾക്കും (കള്ള് ഷാപ്പിലെ തൊഴിലാളികൾ) നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടിക I ലും പട്ടിക II ലും പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. ഈ വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പുതുക്കിയ കൂലി നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതാണ്.

## പട്ടിക- I

### കള്ളുചെത്ത് തൊഴിലാളികൾക്ക് നല്കേണ്ടതായ മിനിമം വേതനം

സംസ്ഥാനത്തെ കള്ള് ചെത്ത് തൊഴിലാളികളുടെ മിനിമം വേതനം, തെക്കൻ മേഖല, വടക്കൻ മേഖല എന്നീ രണ്ട് മേഖലകളായി കണക്കാക്കി, അതനുസരിച്ചുള്ള കൂലി നിരക്കുകൾ ചുവടെ ചേർക്കുന്നു:

തെക്കൻ മേഖല- തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകൾ.

വടക്കൻ മേഖല- മലപ്പുറം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകൾ.

(വൃക്ഷപ്പാട്ടം - ഷാപ്പുടമകൾ നൽകേണ്ടതാണ്)

**(എ) അടിസ്ഥാന കൂലിയും ക്ഷാമബത്തയും**

അടിസ്ഥാന കൂലി (സംസ്ഥാനത്തൊട്ടാകെ)

| | |
|---|---|
| തെങ്ങിൻ കള്ള് (ലിറ്ററിന്) | : 60 രൂപ (അറുപത് രൂപ) |
| പനങ്കള്ള് (ലിറ്ററിന്) | : 38 രൂപ (മുപ്പത്തി എട്ട് രൂപ) |

**ക്ഷാമബത്ത**:- ക്ഷാമബത്ത കണക്കാക്കുന്നതിന് 1998-99 അടിസ്ഥാനവർഷമായി എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും വകുപ്പ് പ്രസിദ്ധീകരിക്കുന്ന പുതിയ സീരിസ് 280 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 1 രൂപ (ഒരു രൂപ) വീതം ക്ഷാമബത്ത, അടിസ്ഥാന വേതനത്തിന് പുറമേ നൽകേണ്ടതാണ്. ക്ഷാമബത്ത കണക്കാക്കുന്നതിന് ഏപ്രിൽ മുതൽ സെപ്തംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയും ഉള്ള കാലത്തെ ശരാശരി സൂചികകളുടെ അടിസ്ഥാനം കണക്കിലെടുക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറിപ്പ്:-

(1) ജോലി ഭാരം

| | |
|---|---|
| തെങ്ങ് കുറഞ്ഞത് | 8 എണ്ണം |
| കരിമ്പന കുറഞ്ഞത് | 8 എണ്ണം |
| ഈറമ്പന/ചൂണ്ടപ്പന കുറഞ്ഞത് | 4 എണ്ണം |

മേൽപ്പറഞ്ഞ ക്രമത്തിൽ കോൺട്രാക്ടർ വൃക്ഷം പാട്ടത്തിന് എടുത്തു കൊടുക്കേണ്ടതും തൊഴിലാളികൾ ഈ വൃക്ഷങ്ങൾ ചെത്തി ഉല്പാദനം നടത്തേണ്ടതുമാണ്.

(2) കള്ള് അളവ് (ഒരു ദിവസം)

തെക്കൻ മേഖലയിൽ തെങ്ങ് ഒന്നിന് 750 മില്ലി ലിറ്ററും (മിനിമം 6 ലിറ്റർ) പന ഒന്നിന് 2 ലിറ്ററും വടക്കൻ മേഖലയിൽ തെങ്ങ് ഒന്നിന് ഒരു ലിറ്ററും (മിനിമം 8 ലിറ്റർ) പന ഒന്നിന് 2 ലിറ്ററും കള്ള് അളവിന് പൂർണ്ണമായ ക്ഷാമബത്ത ലഭിക്കുന്നതാണ്.

(3) പ്രോത്സാഹന കൂലി

തെക്കൻ മേഖല:- മേൽപ്പറഞ്ഞ അടിസ്ഥാന വേതനത്തിനുപുറമേ, 6 ലിറ്ററിന് മുകളിൽ 12 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് 5 രൂപ (അഞ്ചു രൂപ) വീതവും 12 ലിറ്ററിന് മുകളിൽ 20 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് 7 രൂപ (ഏഴ് രൂപ) വീതവും, 20 ലിറ്ററിന് മുകളിൽ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിനും 10 രൂപ (പത്ത് രൂപ) വീതവും, പനങ്കള്ളിന് 8 ലിറ്ററിന് മുകളിൽ 16 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്ററിനും 2 രൂപ (രണ്ട് രൂപ) വീതവും 16 ലിറ്ററിന് മുകളിൽ അളക്കുന്ന ഓരോ ലിറ്ററിനും 4 രൂപ (നാല് രൂപ) വീതവും തൊഴിലാളികൾക്ക് നൽകേണ്ടതാണ്.

വടക്കൻ മേഖല:- മേല്പറഞ്ഞ അടിസ്ഥാന വേതനത്തിന് പുറമെ, മിനിമം 8 ലിറ്ററിന് മുകളിൽ 16 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് 5 രൂപ (അഞ്ചു രൂപ) വീതവും 16 ലിറ്ററിന് മുകളിൽ 20 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിന് 7 രൂപ (ഏഴ് രൂപ) വീതവും, 20 ലിറ്ററിന് മുകളിൽ അളക്കുന്ന ഓരോ ലിറ്റർ തെങ്ങിൻ കള്ളിനും 10 രൂപ (പത്ത് രൂപ) വീതവും, പനങ്കള്ളിന് 8 ലിറ്ററിന് മുകളിൽ 16 ലിറ്റർ വരെ അളക്കുന്ന ഓരോ ലിറ്ററിനും 2 രൂപ (രണ്ട് രൂപ) വീതവും 16 ലിറ്ററിന് മുകളിൽ അളക്കുന്ന ഓരോ ലിറ്ററിനും 4 രൂപ (നാല് രൂപ) വീതവും തൊഴിലാളിക്ക് നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ബി) ഒരുക്കു കൂലി (സംസ്ഥാനത്തൊട്ടാകെ)

(1) തെങ്ങ് ഒന്നിന് : 230 രൂപ (ഇരുന്നൂറ്റി മുപ്പത് രൂപ)
(2) ഈറമ്പന/ചൂണ്ടപ്പന ഒന്നിന് : 345 രൂപ (മുന്നൂറ്റി നാല്പത്തിയഞ്ച് രൂപ)
(3) കരിമ്പന ഒന്നിന് : 220 രൂപ (ഇരുന്നൂറ്റി ഇരുപത് രൂപ)

(സി) ഗ്യാരന്റീഡ് മിനിമം വേതനം

4 തെങ്ങ് അല്ലെങ്കിൽ 2 പന ചെത്തിയിട്ടും ക്ഷാമബത്ത ഉൾപ്പെടെ 250 രൂപ (ഇരുന്നൂറ്റി അൻപത് രൂപ) ആയി ദിവസം കൂലി കിട്ടുന്നില്ലായെങ്കിൽ അത്രയും സംഖ്യ ഗ്യാരന്റീഡ് മിനിമം വേതനം ആയി (തുടർച്ചയായി 45 ദിവസത്തേക്ക്) നൽകേണ്ടതാണ്.

കൂലി, ക്ഷാമബത്ത, ഒരുക്കുകൂലി എന്നിവ കൂടാതെ വിവിധ പ്രദേശങ്ങളിൽ ഇപ്പോൾ നിലവിലുള്ള ഹിൽ അലവൻസ്, പോർട്ട് അലവൻസ്, പ്രോത്സാഹന കൂലി തുടങ്ങിയവ അതാത് പ്രദേശത്തെ പ്രത്യേക ആനുകൂല്യങ്ങളായി തുടർന്നും നൽകേണ്ടതാണ്.

മേൽപ്പറഞ്ഞവയിൽ നിന്നും മെച്ചപ്പെട്ട വേതന വ്യവസ്ഥകൾ ഏതെങ്കിലും പ്രദേശങ്ങളിൽ നിലവിലുണ്ടെങ്കിൽ ആയത് തുടർന്നും നൽകേണ്ടതാണ്.

## പട്ടിക II

## കള്ള് വിൽപ്പന തൊഴിലാളികൾക്ക്(കള്ള് ഷാപ്പ് തൊഴിലാളികളുടെ) നൽകേണ്ടതായ മിനിമം വേതനം

(എ) അടിസ്ഥാന ശമ്പളം

| തസ്തിക /വിഭാഗം | പ്രതിമാസ വേതനം |
|---|---|
| ഗ്രേഡ് - I | |
| (1) മാനേജർ<br>(2) അക്കൗണ്ടന്റ്<br>(3) ക്യാഷ്യർ | 12,060 രൂപ (പന്ത്രണ്ടായിരത്തി അറുപത് രൂപ) |
| ഗ്രേഡ്-II | |
| (1) റൂട്ട് മാനേജർ/ ബിൽ കളക്ടർ<br>(2) ചെക്കർ<br>(3) കുക്ക്<br>(4) ക്ലാർക്ക്<br>(5) ഡ്രൈവർ | 11,870 രൂപ (പതിനൊന്നായിരത്തി എണ്ണൂറ്റി എഴുപത് രൂപ) |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | |
|---|---|
| ഗ്രേഡ് -III<br>(1) സ്റ്റോർമാൻ/ സ്റ്റോർ വർക്കർ<br>(2) സെയിൽസ് മാൻ / സപ്ലൈയർ<br>(3) ട്രാൻസ്പോർട്ട് വർക്കർ<br>(4) ഷോപ്പ് മാനേജർ<br>(5) ഡിപ്പോ വർക്കർ | 11,670 രൂപ (പതിനൊന്നായിരത്തി അറുന്നൂറ്റി എഴുപത് രൂപ) |
| ഗ്രേഡ് -IV<br>(1) ഹെൽപ്പർ<br>(2) കിച്ചൻ അസിസ്റ്റന്റ്<br>(3) ബോയി /ക്ലീനർ<br>(4) വാച്ച്മാൻ | 11,470 രൂപ (പതിനൊന്നായിരത്തി നാന്നൂറ്റി എഴുപത് രൂപ) |

**(ബി)ക്ഷാമബത്ത:-** 1998-99 അടിസ്ഥാന വർഷമായി എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും വകുപ്പ് പ്രസിദ്ധീകരിക്കുന്ന അതാതു ജില്ലാ ആസ്ഥാനങ്ങളിലെ ഉപഭോക്തൃ വില സൂചികയുടെ 280 പോയിന്റിനു മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും 26 രൂപ (ഇരുപത്തിയാറ് രൂപ) നിരക്കിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

ഏപ്രിൽ മുതൽ സെപ്തംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയുമുള്ള കാലത്തെ ശരാശരി ഉപഭോക്തൃ വില സൂചികകളുടെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത കണക്കാക്കേണ്ടത്.

**(സി)** മേൽപ്പറഞ്ഞ മിനിമം വേതനത്തിൽ കൂടുതൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിലുടമയുടെ കീഴിൽ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെങ്കിൽ ആ വേതനം തുടർന്നും നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

സത്യജീത് രാജൻ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ കള്ള് ചെത്ത് വ്യവസായ മേഖലയിൽ ജോലി ചെയ്യുന്ന വിഭാഗങ്ങളിലെ തൊഴിലാളികൾക്കും കള്ള് വിൽപ്പന തൊഴിലാളികൾക്കും (കള്ള് ഷാപ്പിലെ തൊഴിലാളികൾ) നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്ക് 2010 മാർച്ച് 30-ാം തീയതിയിലെ സ.ഉ.(സാധാ)586/2010/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2010 ഏപ്രിൽ 6-ാം തീയതിയിലെ 839-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ.356/2010, എസ്.ആർ.ഒ.നമ്പർ 357/2010 എന്നിവയായി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനങ്ങൾപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. 2018 ആഗസ്റ്റ് 2-ാം തീയതിയിലെ 58/ഇ 1/2018 നമ്പരായി പുറപ്പെടുവിച്ചതും 2018 ആഗസ്റ്റ് 13-ാം തീയതിയിലെ 2151-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത വ്യവസായ മേഖലയിലെ ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള, പ്രാഥമിക വിജ്ഞാപനപ്രകാരമുള്ള കരട് നിർദ്ദേശങ്ങളിൻമേലുള്ള ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും കേരള മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തിലെ പ്രസ്തുത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും കുറഞ്ഞ വേതന നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Labour &Skills (E) Department

NOTIFICATION

G.O.(P)No.101/2019/LBR.

Dated, Thiruvananthapuram, 5th November, 2019
19th Thulam, 1195

S. R. O. No. 856/2019

In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), read with sub-section (2) of section 5 thereof, and in supersession of the notifications issued under G.O.(Rt)No.586/2010/LBR dated 30th March 2010 and published as S.R.O.No.356/2010 and S.R.O.No.357/2010 in the Kerala Gazette Extraordinary No.839 dated 6th April, 2010, the Government of Kerala after considering the objections and suggestions received on the draft proposals published as notification No.58/E1/2018/LBR dated 2nd August, 2018 in the Kerala Gazette Extraordinary No.2151 dated 13th August, 2018 as required under clause (b) of sub-section (1) of section 5 of the said Act and after considering the advice of Minimum Wages Advisory Board constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in the Toddy Tapping industry Sector and to the Toddy Vending employees (employed in Toddy shops) in the Toddy Vending Sector in the State of Kerala as specified in the SCHEDULE I and SCHEDULE II hereto annexed below and fix the date of publication of this notification in the Official Gazette as the date from which the revised rates shall come into force.

## SCHEDULE-I

## MINIMUM RATE OF WAGES PAYABLE TO THE EMPLOYEES EMPLOYED IN THE TODDY TAPPING

The minimum rate of wages of the employees employed in the toddy tapping in the State is assessed in two Regions, ie. Southern Region, Northern Region and the wages arrived so are given below:

Southern Region : -
Thiruvananthapuram, Kollam, Alappuzha, Pathanamthitta, Kottayam, Idukki, Ernakulam and Thrissur Districts.

Northern Region :-
Malappuram, Kozhikkode, Palakkad, Kannur, Wayand and Kasaragode Districts.
(Lease of trees shall be given by the shop owners)

### A) Basic Pay and Dearness Allowance

Basic Wage (Throughout the state)

Toddy of Coconut Tree (per litre) : ₹60/- (Rupees Sixty only)
Toddy of Palm Tree (per litre) : ₹38/- (Rupees Thirty Eight only)

**Dearness Allowance :-** In addition to the basic wages Dearness Allowance shall be paid at the rate of ₹1 (Rupee one only) for every point of increase above 280 points of the new series (1998-

99=100) of consumer price index numbers published by the Department of Economics & Statistics. For the calculation of dearness allowance, the average consumer price index for the months from April to September and October to March shall be considered.

Note:- (1) Workload

| | | |
|---|---|---|
| Coconut Tree minimum | : | 8 Nos. |
| Palmyra Palm Tree minimum | : | 8 Nos. |
| Eeranpana/Choondappana | : | 4 Nos. |

In the order as aforesaid the contractor shall take trees on lease and the employees shall tap from these trees.

(2) Measurement of Toddy (per day)

For getting full Dearness allowance, the measurement of toddy shall be 750 milli litre per coconut tree (minimum 6 litre) and 2 litre per palm tree in Southern Region and one litre per coconut tree (minimum 8 litre) and two litre per palm tree in Northern Region.

(3) Incentive Wage

Southern region :- In addition to the above basic wage, the employees shall be given ₹5 (rupees Five only) for each litre of coconut tree toddy measuring above 6 litre and upto 12 litre and ₹7 (Rupees Seven only) for each litre of coconut tree toddy measuring above 12 litre and up to 20 litre of coconut tree toddy measuring above 20 litre and ₹2 (Rupees Two only) for each litre of palm tree toddy measuring above 8 litre and up to 16 litre ₹4 (Rupees Four only) for each litre of palm tree toddy measuring above 16 litre as incentive wages.

Northern Region :- In addition to the basic wages, the employees shall be given ₹5 (Rupees Five only) for the measurement of each litre of coconut tree toddy measuring above 8 litre and up to 16 litre and ₹7 (Rupees Seven only) for each litre of coconut tree toddy measuring above 16 litre and up to 20 litre and ₹10 (Rupees Ten only) for each litre of coconut tree toddy measuring above 20 litre and ₹2 (Rupees Two only) for each litre of palm tree toddy measuring above 8 litre and up to 16 litre and ₹4 (Rupees Four only) for each litre of palm tree toddy measuring above 16 litre as incentive wages.

**(B) Preparatory Wage (Throughout the State)**

| | |
|---|---|
| (1) Per Coconut Tree | : ₹ 230 (Rupees Two hundred and thirty only) |
| (2) Per Eeranpana / Choondappana | : ₹ 345 (Rupees Three hundred and forty-five only) |
| (3) Per Palmyra Palm Tree | : ₹ 220 (Rupees Two hundred and twenty only). |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

### (C) Guaranteed Minimum Wages

If the employee do not get ₹ 250 (Rupees Two Hundred and fifty only) per day including dearness allowance even after tapping of 4 coconut trees or 2 palm trees he shall be paid such amount as guaranteed minimum wages (continuously for 45 days).

In addition to wages, dearness allowance and preparatory wage, the hill allowance, port allowance, incentive wage etc. prevailing in various places shall be given as separate benefits of such and such places:

If there exist better wage conditions in any places than the wage conditions mentioned above, the same will be continued.

## SCHEDULE - II
## MINIMUM RATE OF WAGES PAYABLE TO THE EMPLOYEES EMPLOYED IN THE TODDY VENDING SHOPS (EMPLOYEES IN TODDY SHOPS)

### (A) Basic Wages

| Post / Category | Monthly Wages |
|---|---|
| **Grade – I** | |
| (1) Manager | ₹ 12,060 (Rupees Twelve thousand and sixty only) |
| (2) Accountant | |
| (3) Cashier | |
| **Grade II** | |
| (1) Route Manager /Bill Collector | ₹ 11,870 (Rupees Eleven thousand eight hundred and seventy only) |
| (2) Checker | |
| (3) Cook | |
| (4) Clerk | |
| (5) Driver | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Grade III**

| | |
|---|---|
| (1) Storeman /Storeworker<br>(2) Salesman / Supplier<br>(3) Transport Worker<br>(4) Shop Manager<br>(5) Depot Worker | ₹ 11,670 ( Rupees Eleven Thousand six hundred and seventy only) |

**Grade IV**

| | |
|---|---|
| (1) Helper<br>(2) Kitchen Assistant<br>(3) Boy / Cleaner<br>(4) Watchman | ₹ 11,470 (Rupees eleven thousand four hundred and Seventy only) |

**(B) Dearness Allowance**

Dearness Allowance shall be paid at the rate of **₹26** (Rupees Twenty six only) for every increase of one point above 280 points of consumer price index numbers (New series 1998-99= 100) published by the Department of Economics and Statistics for the District Headquarters concerned.

For the calculation of dearness allowance, the average consumer price index for the months from April to September and from October to March shall be considered.

**(C)** Wherever the workers are in receipt of higher wages in any establishment under an employer than the minimum wages mentioned above such higher wages shall be continued to be paid.

By order of the Governor,
SATYAJEET RAJAN,
*ADDITIONAL CHIEF SECRETARY TO GOVERNMENT.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Government had earlier revised the minimum rates of wages payable to the employees employed in the Toddy Tapping Industry and Toddy Vending Industry in the State of Kerala as per notifications issued under G.O.(Rt) No.586/2010/LBR dated 30th March, 2010 and published as S.R.O.No.356/2010 and S.R.O.No.357/2010 in the Kerala Gazette Extraordinary No.839 dated 6th April, 2010. The Government have now decided to revise the existing minimum rates of wages in the said industry sector after considering the objections and suggestions received on the draft proposal published as notification No. E1/58/2018 dated 2nd August, 2018 in the Kerala Gazette Extraordinary No.2151 dated 13th August, 2018 and after considering the advice of the Minimum Wages Advisory Board, have now decided to revise the existing minimum rates of wages in the State of Kerala.

The notification is intended to achieve the above object.

---

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA
Date 2019.11.12 07 51 05